# <u>ഹയർ സെക്കന്ററി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
# <u>(ഹാജർ. കെ.വി.മോഹൻകുമാർ ഐ എ എസ്)</u>
# <u>സംഗ്രഹം</u>

**ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ 2015–16 വർഷത്തെ പൊതുസ്ഥലംമാറ്റം– അധിക മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.**

**നം. എഡി. സി6/5697/ഹ.സെ.വി/2015** **തീയതി : 25/05/2016**

സൂചന: (1) 21/09/2015 ലെ പൊതുസ്ഥലമാറ്റ ഉത്തരവ്

(2) 21/05/2016 ലെ ഇതേ നമ്പർ ഉത്തരവ്

## <u>ഉത്തരവ്</u>

സൂചന (1) ലെ 2015–16 ഗവൺമെന്റ് ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പൊതുസ്ഥലംമാറ്റ ഉത്തരവ് മരവിപ്പിച്ചിരുന്നു. OA 1276/15 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 27/4/2016 ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവനുസരിച്ച് 2015–16 ലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ പൊതുസ്ഥലംമാറ്റം 01/06/2016 ന് പ്രാബല്യത്തിൽ വരുത്തികൊണ്ട് സൂചന (2) ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുസരിച്ചുള്ള പൊതുസ്ഥലംമാറ്റം പ്രാബല്യത്തിൽ വരുത്തുന്നതിന് താഴെ ചേർത്ത അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(1) 21/09/2015 ലെ പൊതുസ്ഥലമാറ്റ ഉത്തരവിൽ സ്ഥലംമാറ്റം ലഭിച്ചിട്ടുള്ള അദ്ധ്യാപകരിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ അനുസരിച്ച് സ്ഥലംമാറ്റം ലഭിക്കാൻ അർഹതയുള്ളവരെ സൂചന (2) ലെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത അദ്ധ്യാപകരെ 01/06/2016 ന് സ്ഥലംമാറ്റം ലഭിച്ച സ്കൂളുകളിൽ ജോലിയിൽ പ്രവേശിക്കാവുന്ന തരത്തിൽ അവർ ഇപ്പോൾ ജോലിചെയ്യുന്ന സ്കൂളുകളിലെ പ്രിൻസിപ്പൽമാർ വിടുതൽ ചെയ്യേണ്ടതാണ്. 21/05/2016 ലെ പൊതുസ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെടാത്തതും എന്നാൽ 21/09/2015 ലെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ സ്ഥലംമാറ്റപ്പെട്ടവരുമായ അദ്ധ്യാപകർ, അവർ 21/09/2015 ന് മുമ്പ് ജോലിചെയ്തിരുന്ന സ്കൂളുകളിൽ 01/06/2016 ന് ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്കൂളുകളിലെ പ്രിൻസിപ്പൽമാർ ഈ അദ്ധ്യാപകർ നിലവിൽ ജോലി ചെയ്യുന്ന

സ്കൂളുകളിൽ നിന്നും വിടുതൽ ചെയ്യേണ്ടതും, 21/09/2015 നുമുമ്പ് ജോലി ചെയ്തിരുന്ന സ്കൂളുകളിലെ പ്രിൻസിപ്പൽമാർ ഇവരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ആണ്.

(2) സൂചന (2) ലെ പൊതുസ്ഥലംമാറ്റ ഉത്തരവനുസരിച്ച് സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകർക്ക് 01/06/2016 ന് അതാത് സ്കൂളുകളിൽ ജോലിയിൽ പ്രവേശിക്കാൻ കഴിയുന്ന തരത്തിൽ ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ നിലവിലെ സ്കൂളുകളിൽ നിന്നും ഉടൻ വിടുതൽ ചെയ്യേണ്ടതാണ്.

**ഒപ്പ്/-**
**കെ.വി.മോഹൻ കുമാർ ഐ.എ.എസ്**
**ഡയറക്ടർ**

പകർപ്പ്.

1. എല്ലാ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ അധ്യാപകർക്കും
2. എല്ലാ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും